

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഇട്ടിവ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ .കെ എൽഎം .പി12/2274/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 23/12/2024
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇട്ടിവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ .കെ എൽഎം .പി12/2274/24 തീയ്യതി: 23/12/2024

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2023 മുതൽ 30-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-11-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സജികുമാർ. ജി	ഡെപ്യൂട്ടി ഡയറക്ടർ	16-12-2024	20-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-12-2024	20-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അനിൽ.ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീ. അരുൺകുമാർ.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അരുൺജിത്ത്.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. രാകേഷ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സുനിൽകുമാർ.യു.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ശരൺ.എസ്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.അമൃത.സി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി ലീനാകുമാരി കെ.ജി	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.തുളസീധരൻ പിള്ള	അസി.സെക്രട്ടറി	01-04-2023	31-03-2024
ഡോ.സിമി.ആർ	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	01-04-2023	02-07-2023
ഡോ.രാകേഷ്	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	03-07-2023	31-03-2024
ഡോ.സീമ.ആർ	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2023	04-07-2023
ഡോ.ശ്രീജ.എസ്.നായർ	മെഡിക്കൽ ഓഫീസർ(ഹോമിയോ)	05-07-2023	31-03-2024
ഡോ. മായ	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	01-04-2023	01-09-2023
ഡോ.എസ്.ആർ.രാജി	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	02-09-2023	13-11-2023
ഡോ.ശുഭ.കെ.നമ്പൂതിരി	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	14-11-2023	15-02-2024
ഡോ.ദിവ്യ.എസ്.ജെ	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	16-02-2024	31-03-2024
ശ്രീമതി. സുമി. ഐ	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ. രേഷ്മ എസ്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീ.സാം ജോഷ്വ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി.വിധുബാൽ ചിത്ര.ഐ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി.പാർവ്വതി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി. ഉമാകുമാരി അമ്മ	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024
ശ്രീമതി.ബിന്ദു.ജെ	വി.ഇ.ഒ	01-04-2023	13-07-2023
ശ്രീ.സന്തോഷ്.എം	വി.ഇ.ഒ	14-07-2023	31-03-2024
ശ്രീമതി.അഞ്ജു.എം	വി.ഇ.ഒ	01-04-2023	01-12-2023
ശ്രീ.സന്തോഷ്.എം	വി.ഇ.ഒ	02-12-2023	12-01-2024

ശ്രീ.ജോബ്.ജി.തോമസ്	വി.ഇ.ഒ	13-01-2024	31-03-2024
ശ്രീമതി .റീജാകുമാരി.	അക്രഡിറ്റഡ് എഞ്ചിനീയർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	എസിആർ കണക്കുകൾ സുലേഖ സ്റ്റേറ്റുമെന്റിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.	1-1-3
5	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-4
6	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.	1-1-5
7	ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല	1-1-6
8	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.	1-1-7
9	രസീത് തെറ്റായ ശീർഷകത്തിൽ നല്കി	1-1-8
10	ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രഡിറ്റ് ആയിട്ടില്ല	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
13	ഗ്രാന്റ് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
16	ക്ഷേമ പദ്ധതികൾ	1-7
17	ക്യാഷ് പരിശോധന	1-8
18	ആഭ്യന്തര നിയന്ത്രണം	1-9
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	വാടക കുടിശ്ശിക അടവാക്കിയിട്ടില്ല	1-11
21	ലേലത്തുക അടവാക്കാൻ അവശേഷിക്കുന്നു	1-12
22	തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-13
23	വസ്തുനികുതി കുറവായി നിർണ്ണയിച്ചു	1-14
24	പത്രപരസ്യം-നിയമപ്രകാരമുള്ള ഡിസ്കൗണ്ട് പ്രയോജനപ്പെടുത്തിയില്ല.	1-15
25	ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ച തുക പൂർണ്ണമായും ചെലവഴിക്കാതെ പ്രസ്തുത തുക സി.എഫ്.സി. ഫണ്ടിൽ നിന്നും ചെലവഴിച്ചു.	1-16
26	ചെന്നിലം പാലം നിർമ്മാണം -സംയുക്ത പ്രോജക്ടിന് അനുവദിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല	1-17

27	ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല	1-18
28	പിഴകുറവായി ഈടാക്കിയിരിക്കുന്നു	1-19
29	ഇൻഷ്വറൻസ് കവറേജ് എടുക്കുന്നതിലെ അപാകതകൾ	1-20
30	ലൈഫ് ഭവനപദ്ധതി - വീടു പണി ആരംഭിച്ചിട്ടില്ല.	1-21
31	ഭവന പുനരുദ്ധാരണം - പൂർത്തീകരിച്ചില്ല	1-22
32	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി:	1-23
33	ഹരിതകർമ്മ സേനയുടെ ഉപയോഗത്തിനായി വാങ്ങിയ വാഹനം ഉപയോഗപ്രദമല്ല.	1-24
34	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-25
35	നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല	1-26
36	വിനിയോഗിക്കാതെ ശേഷിക്കുന്ന സർക്കാർ ഗ്രാന്റുകൾ തിരികെ ഒടുക്കിയിട്ടില്ല	1-27
37	ഗുണഭോക്തൃവിഹിതമിനത്തിൽ സ്വീകരിച്ച തുക വിനിയോഗിച്ചിട്ടില്ല	1-28
38	ഹരിതകർമ്മസേന-അവലോകനം	1-29
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തിക്കു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഇട്ടിവ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12.06.24 തീയതിയിലെ നം.1 തീരുമാനം പ്രകാരം അംഗീകരിച്ച് 14.06.24 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇട്ടിവ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കൊല്ലം
തീയതി: 23-12-2024

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ് , ഇൻവെസ്റ്റിങ് , ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = ₹1,19,73,118/-

നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) = ₹1,02,53,398/-

1-1-3 എസിആർ കണക്കുകൾ സൂലേഖ സ്റ്റേറ്റുമെന്റിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം-സുലേഖ സ്റ്റേറ്റുമെന്റിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

(I) സുലേഖ സ്റ്റേറ്റുമെന്റിലെ ചെലവും എസിആർ ചെലവും പൊരുത്തപ്പെടുന്നില്ല.

ക്രമ നം.	ഫണ്ട് ഇനം	എ സി ആർ പ്രകാരം ചെലവ് ₹	സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം ചെലവ് ₹
1	വികസന ഫണ്ട് (പൊതു.)	3,29,68,141	2,89,57,852
2	മെയിന്റനൻസ് ഗ്രാന്റ് -റോഡ്	1,45,58,477	71,00,423

(Ii) ഹെൽത്ത് ഗ്രാന്റ്(ഡയഗ്നോസ്റ്റിക്) ഫണ്ടിൽ നിന്നുമുള്ള പ്രോജക്ടിന്റെ (നം.205/24 -രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ) ₹1,56,019/-ടെ ചെലവ് ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും സുലേഖ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

(Iii) വികസന ഫണ്ട് (ജന) ൽ നിന്നുമുള്ള പ്രോജക്ടിന്റെ (36/24 വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ) ₹2,00,009/-ടെ ചെലവ് ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും സുലേഖ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. വസ്തു നികുതി അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-6 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നിലൽ

(I) ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

(Ii) ലൈഫ് ഭവന പദ്ധതിയ്ക്കായുള്ള ലോണിന്റെ ധനകാര്യപത്രിക പ്രകാരമുള്ള (ബി -5) ബാധ്യത ₹5,44,84,613/- എന്നാണ് കാണിച്ചിട്ടുള്ളത് . എന്നാൽ പ്രീപെയ്ഡ് എക്സ്പെൻസ് എന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുക ₹5,08,54,613/-ആണ്.

1-1-7 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

(I) വസ്തുനികുതി തൻവർഷ വരവിന്റെ സഞ്ചയ പത്രിക പ്രകാരമുള്ള തുകയും ധനകാര്യ പത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വസ്തുനികുതി വരവ് , കുടിശിക വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(Ii)ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(Iii) സ്റ്റോക്ക് രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

1-1-8 രസീത് തെറ്റായ ശീർഷകത്തിൽ നല്കി

ലൈഫ് ലോൺതുകയുടെ ബാങ്ക് അക്കൗണ്ടിലെ പലിശ തുകയായ ₹97,885/ "ഇന്ററസ്റ്റ് അക്രൂവ്ഡ് & ഡ്യൂ -ലോൺസ് -350120101" എന്ന ലയബിലിറ്റി ഹെഡിനുപകരം "ഇൻറ്ററസ്റ്റ് ഫ്രം അദർ ഇൻവെസ്റ്റ്മെന്റ്സ് -170100199" എന്ന ഹെഡിൽ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

1-1-9 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രഡിറ്റ് ആയിട്ടില്ല

വർഷാന്ത്യ റിക്കൺസിലിയേഷൻ പരിശോധിച്ചതിൽ താഴെ പറയുന്ന തുകകൾ നാളിതുവരെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടുള്ളതായി കാണുന്നില്ല.

അക്കൗണ്ട്	നിക്ഷേപിച്ച തീയതി	തുക ₹
എസ് ബി ഐ- ഇ പേയ്മെന്റ് 37059183617	31.03.19 (Directly Debited By Bank)	2,450
ഇൻഡ്യൻ ബാങ്ക് -തനത് ഫണ്ട് 795202525	20.09.17 (Cheque Deposited Not Collected)	3,750

1-2 ബജറ്റ്

24-03-2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 07-02-2024 ലെ 1-1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	6,22,43,384/-രൂപ
വരവ്	8,65,99,269/-രൂപ
ആകെ	14,88,42,653/-രൂപ
ചെലവ്	7,63,45,871/-രൂപ
നീക്കിയിരിപ്പ്	7,24,96,782/-രൂപ
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിച്ച തുക	0
തടസ്സപ്പെടുത്തിയ തുക	3,93,423/-രൂപ

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	ഒ.ബി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	സി.ബി ₹
വികസന ഫണ്ട്-ജനറൽ	0	3,15,66,000	3,15,66,000	2,91,57,861	24,08,139
വികസന ഫണ്ട്-എസ്.സി.പി	0	1,15,35,000	1,15,35,000	1,12,27,131	3,07,869
മെയിന്റനൻസ്, റോഡ്	0	1,43,84,000	1,43,84,000	71,00,423	72,83,577
മെയിന്റനൻസ്, നോൺ-റോഡ്	0	65,82,600	65,82,600	65,77,931	4,669
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank)	1,41,00,617	39,20,000	1,80,20,617	69,59,714	1,10,60,903
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank)	13,01,268	56,20,124	69,21,392	41,87,120	27,34,272
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)					
ഐസിഡിഎസ്	13,75,033	28,24,663	4199696	9,84,509	32,15,187
ടിഎസ് സി -ODF	10,12,362	0	10,12,362	9,46,362	66,000
ടിഎസ് സി - PBIG	4,38,025	9,46,362	13,84,387	7,00,000	6,84,387
എൻഎച്ച് എം (AYUSH)	5,00,000	0	5,00,000	0	5,00,000
ബഡ്സ് സ്കൂൾ ഗ്രാന്റ്	22,20,965	4,46,550	26,67,515	7,82,574	18,84,941
ഹെൽത്ത് ഗ്രാന്റ് -ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ	1,60,866	11,40,438	13,01,304	11,37,366	1,63,938
ഹെൽത്ത് ഗ്രാന്റ് കൺവേർഷൻ -320100204	1,43,784	4,66,132	6,09,916	4,88,035	1,21,881
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)					
ലൈഫ് – സ്റ്റേറ്റ് ഷെയർ	26,570	1,18,00,000	1,18,26,570	82,50,000	35,76,570

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
213	21,99,83,477/-	148	10,65,88,486/-	65	69.48%

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹

ഭരണചെലവുകൾ	14,434	18,31,071	18,45,505	18,42,568	2,937
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	7,75,46,095	7,75,46,095	7,75,46,095	0
ആകെ	14,434	7,93,77,166	7,93,91,600	7,93,88,663	2,937

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)
തൊഴിൽരഹിത വേതനം	6840/-
കർഷകതൊഴിലാളി പെൻഷൻ	4361200/-
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	180,000/-
വാർദ്ധക്യകാല പെൻഷൻ	43940600/-
വികലാംഗ പെൻഷൻ	5676600/-
50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	487400
വിധവാപെൻഷൻ	20237200/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-12-2024 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8684/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ നിലവിൽ പരിമിത സൗകര്യങ്ങളോടുകൂടിയാണ് ഓഫീസ് പ്രവർത്തിക്കുന്നത്.
നികുതി, നികുതിയേതര വരവുകൾ കൃത്യമായി നിർണ്ണയിച്ച് പിരിവ് നടത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ഗ്രാമസഭകൾ സാമ്പത്തിക വർഷത്തിൽ രണ്ട് തവണയാണ് കൂടിയിട്ടുള്ളത്. ഗ്രാമസഭ മിനിറ്റ്സ് രേഖപ്പടുത്തുന്നത് അജണ്ട പ്രകാരമായിരിക്കേണ്ടതാണ്.ഗ്രാമസഭ കാ‍ാറത്തിന്റെ കൃത്യതയും പരിശോധിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാ വർഷത്തിലും ആദ്യമാസങ്ങളിൽ കൂടിയ ശേഷം പിരിയുന്നു. തുടർനടപടികളില്ല. മോണിറ്ററിംഗ് സമിതിയായും മാറുന്നില്ല.പദ്ധതികളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല.പദ്ധതികളുടെ ലക്ഷ്യംകൈവരിക്കുന്നതിനും,യഥാസമയം പൂർത്തീകരിക്കുന്നതിനും കൃത്യമായ മോണിറ്ററിംഗ് ആവശ്യമാണ്.സ്ഥിരം സമിതികളും ഭരണസമിതിയും കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വരവു ചെലവുകൾ അംഗീകരിക്കുമ്പോൾ മുൻബാക്കി,നിക്കിബാക്കി എന്നിവയുടെ കൃത്യത പരിശോധിക്കുന്നില്ല.
പ്രവൃത്തികളുടെ ബോർഡുകൾ സ്ഥാപിക്കുമ്പോൾ സർക്കുലർ നമ്പർ ഇ-20/6699/സി.ഇ/തസ്വഭവ/21.6.2018ലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	23-11-2022	7/2022 മുതൽ 9/2022 വരെ	03.01.2023
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	19.4.2017 മുതൽ 2.5.2017 വരെ	2012-13 മുതൽ 2016-17 വരെ	16.06.2017

1-11 വാടക കുടിശ്ശിക അടവാക്കിയിട്ടില്ല

വാടക രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ വാടക കുടിശ്ശികയായ 117433/- രൂപ ഓഡിറ്റ് കാലയളവിലും കുടിശ്ശികയായി അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക്(നം.2 തീയതി.19.12.24) തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. വാടക കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 ലേലത്തുക അടവാക്കാൻ അവശേഷിക്കുന്നു

2023-24 ൽ ലേല രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് നടത്തിയ ലേലത്തിൽ പങ്കെടുത്ത് ലേലം പിടിച്ച വ്യക്തികൾ ലേലതുക കൃത്യമായി ഒടുക്കു വരുത്താതെ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. 2023-24 ൽ ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ലേല ഇനം	ലേലം പിടിച്ച വ്യക്തിയുടെ പേര്	ലേലത്തുക (രൂപ)	ഒടുക്കേണ്ടുന്ന ആകെ തുക (GST ഉൾപ്പെടെ)	നാളിതുവരെ ഒടുക്കിയ തുക (ഡെപ്പോസിറ്റ് ഉൾപ്പെടെ)	ഒടുക്കാൻ അവശേഷിക്കുന്ന തുക (രൂപ)	കരാർ വച്ച തീയതി
1	കോട്ടക്കൽ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം	സെബാസ്റ്റ്യൻ	1,45,000/-	171100/-	85400/-	85700/-	15.09.23
2	വയ്യാനം മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം	ഷെഫീക്ക്	2,06,500/-	243670/-	22,000/-	221670/-	15.09.23
3	ചൂണ്ട മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം	ഷാജഹാൻ	3,10,000/-	365800/-	155000/-	210800/-	15.09.23
4	കോട്ടക്കൽ മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം	ഷാജഹാൻ	4,05,000/-	477900/-	101250/-	376650/-	15.09.23
5	മണലുവട്ടം മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം	ഷെഫീക്ക്	2,05,000/-	241900/-	22,000/-	219900/-	15.09.23
6	കാട്ടാമ്പള്ളി മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം	ജയകുമാർ	2,51,000/-	296180/-	51000/-	245180/-	15.09.23
7	കീഴ്ത്തോണി വാർഡിൽ ആനപ്പാറയിൽ മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം	ഷെഫീക്ക്	76,500/-	90270/-	12000/-	78270/-	15.09.23

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക്(നം.3 തീയതി.19.12.24) തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നം.3/19.12.24

1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1)തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

I.ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ,സൂപ്പർവൈസർമാർ
Ii.വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ
Iii.റേഷൻ വ്യാപാരികൾ
2)തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല
I.ബി.എസ്.എൻ.എൽ
Ii.ഡിസ്ട്രിക്ട് അഗ്രികൾച്ചറൽ ഫാം,കോട്ടകൽ

Iii.യു.ഐ.റ്റി ,ഇട്ടിവ
Iv.വുഡ് ലൈം പാർക്ക് പബ്ലിക്ക് സ്കൂൾ
V.ക്ഷീര സഹകരണ സംഘം,ചുണ്ട
Vi.ബി എഡ് കോളേജ്,മഞ്ഞപ്പാറ
Vii.എ സ്റ്റാർ കാഷ്യൂ,ചരിപ്പറമ്പ്
Viii.ശ്രീ ലക്ഷ്മി കാഷ്യൂ എക്സ്പോർട്സ്,മേലക്കാട്
Ix.വയല വെസ്റ്റ് ക്ഷീര സഹകരണ സംഘം
X.നെയാധി ഗ്രാനൈറ്റ്സ്
Xi.ജെ.എസ് റബ്ബേഴ്സ്
Xii.ബ്രോയൽ ഇൻഡസ്ട്രീസ്
Xiii.കല്യാണി ഫുഡ് പ്രോഡക്ട്സ്
Xiv.കെ. കെ ഹോളോബ്രിക്സ്
Xv.നോവ ഡ്രിങ്കിങ് വാട്ടർ യൂണിറ്റ്
Xvi.ഗാന്ധി ഡെൻ്റൽസ്
Xvii.ഡെൽഹിവെറി ലിമിറ്റഡ്
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക്(നം.9 തീയതി.19.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ/ വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി/സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 വസ്തുനികുതി കുറവായി നിർണ്ണയിച്ചു

വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേന പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടത്തെ വിഭജിച്ച് വസ്തുനികുതി കുറവായി നിർണ്ണയിച്ചു. വിവരം ചുവടെ ചേർക്കുന്നു

ക്രമ നം	വാർഡ് നമ്പർ/ കെട്ടിട നമ്പർ	ഉടമയുടെ പേര്	കെട്ടിടത്തിന്റെ വിസ്തീർണം (ച.മി)	കെട്ടിടത്തിന്റെ ഉപയോഗ ക്രമം	പുതുക്കിയ വസ്തുനികുതി നിരക്ക് (ഒരു ചതുരശ്ര മീറ്ററിന്) (₹)	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി	നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി	അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹)
1	10/795	റോണി രാജൻ,ഒലിവ്,മണ്ണൂർ	320.67	പാർപ്പിടാവശ്യം	12	2565.36	3848.04	1282.68
2	20/747	ഷാബു കെ,തരേജ് വില്ല, ഹിൽഗിരി,ചെറുകുളം പി.ഒ	320	പാർപ്പിടാവശ്യം	12	2560	3840	1280

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക്(നം.12 തീയതി.19.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല.വസ്തു നികുതി പുനർനിർണയിച്ച് മേൽ പറഞ്ഞ വ്യക്തികളിൽ നിന്ന് വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 പത്രപരസ്യം-നിയമപ്രകാരമുള്ള ഡിസ്കൗണ്ട് പ്രയോജനപ്പെടുത്തിയില്ല.

സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ നേരിട്ട് പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവൺമെന്റ് ഉത്തരവ് G.O.(Rt) No.5/2021/ I & PRD Dated 11.10.2021 പ്രകാരം 15 ശതമാനം ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ ഈ ആനുകൂല്യം ഉപയോഗപ്പെടുത്തിയില്ല എന്ന് താഴെപ്പറയുന്ന പരസ്യചെലവുകൾ വ്യക്തമാക്കുന്നു.

ക്രമ നമ്പർ	പത്രം / ഇൻവോയിസ് നമ്പർ	ബിൽ /വൗച്ചർ നമ്പർ , തീയതി	ബിൽ തുക (രൂപ)
1.	മലയാള മനോരമ	KC0430017296/28.06.23	29400
2.	കേരള കൗമുദി	171846/16.02.2024	7350
		ആകെ	36750/- രൂപ

മേൽപരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം കുറവ് ചെയ്യാതെ തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ചെലവഴിച്ച 36750/- രൂപയിൽ നിന്നും ജി.എസ്.ടി ഒഴിവാക്കിയ തുകയുടെ 15% ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തുടർന്ന് വരുന്ന പത്രപരസ്യ ചെലവുകളിൽ നിയമപ്രകാരമുള്ള ഡിസ്കൗണ്ട് പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി- 17/20.12.2024

1-16 ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ച തുക പൂർണ്ണമായും ചെലവഴിക്കാതെ പ്രസ്തുത തുക സി.എഫ്.സി. ഫണ്ടിൽ നിന്നും ചെലവഴിച്ചു.

പ്രോജക്ട് നമ്പർ- 134 (എസ്.സി. വിഭാഗത്തിന് വാട്ടർടാങ്ക്)
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ – 640000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 480000/- , ഉണഭോക്തൃ വിഹിതം- 160000/-)
ചെലവ്- 4731000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 379725/- , ഉണഭോക്തൃ വിഹിതം- 93375/-)

എസ്.സി. വിഭാഗത്തിലെ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് ലഭ്യമാക്കുന്നതിന് ശുപീകരിച്ച പ്രസ്തുത പദ്ധതിയിൽ ക്വട്ടേഷൻ പ്രകാരം കുറഞ്ഞ നിരക്ക് (2490/- രൂപ) രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും 190 വാട്ടർ ടാങ്ക് ലഭ്യമാക്കി ഉണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഉണഭോക്തൃ വിഹിതം ഇനത്തിൽ ഓരോ വ്യക്തിയിൽ നിന്നും 623/- രൂപ നിരക്കിൽ 118370/- രൂപ (623x190= 118370) ഈടാക്കിയിരുന്നു. എന്നാൽ 93375/- രൂപ മാത്രമാണ് ഉണഭോക്തൃ വിഹിതം ഇനത്തിൽ ചെലവഴിച്ചത്. പദ്ധതി ചെലവിന്റെ 25% (473100x25%=118275/-) ഉണഭോക്തൃ വിഹിതം ആയി ഒടുക്കേണ്ട പ്രസ്തുത പദ്ധതിയിൽ ഉണഭോക്തൃ വിഹിതം ആയി പിരിച്ച തുകയിൽ നിന്നും ചെലവഴിക്കേണ്ട 24900/- രൂപ (118275-93375 = 24900/-) കൂടി ധനകാര്യ കമ്മീഷൻ ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്. പദ്ധതി ചെലവിലെ ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് ഉണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്ത് തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത തുക ധനകാര്യ കമ്മീഷൻ ഫണ്ടിലേക്ക് ഒടുക്കുവാൻ നടപടി സ്വീകരിച്ചതായി മറുപടി ലഭ്യമാക്കി. ടി തുക സി.എഫ്.സി. ഫണ്ടിൽ ഒടുക്കി ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി – 15/20.12.2024

1-17 ചെന്നിലം പാലം നിർമ്മാണം -സംയുക്ത പ്രോജക്ടിന് അനുവദിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

ചെന്നിലം പാലം നിർമ്മാണം എന്ന പ്രോജക്ടിനായി (നം.226/24) ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും ₹3,50,000/- കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പേരിക്ക് നല്കിയിട്ടുണ്ട്.

വികസന ഫണ്ട് (പൊതു.) -₹31,000/- (TRN No. 8177 / 26.03.24) , സി എഫ് സി ഫണ്ട് ₹3,19,000/-(Voucher No. P 53/16.03.24, P 56/19.03.24)

പതിന്നാലാം പഞ്ച വത്സര പദ്ധതി ആസൂത്രണ മാർഗ്ഗ രേഖ (സ ഉ കൈ നം.84/2022/ 19.04.22 ഖണ്ഡിക 3.5.4 പ്രകാരം സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ തീരുമാനിച്ച പ്രകാരമുള്ള വിഹിതം വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും മുഖ്യ പങ്കാളിയാകുന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് തുക കൈമാറേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് വിഹിതം നിശ്ചയിച്ച നല്കിയതിന്റെയും കടയ്ക്കൽ ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാറിന്റെ രേഖകളും പ്രാജക്ട് പൂർത്തീകരണം, തുകയുടെ വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹3,50,000/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകളും അനുവദിച്ച തുകയുടെ പൂർത്തീകരണ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-3,50,000/- രൂപ

1-18 ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള KL 82A 1032, KL 82A 1053, KL 82A 1055, KL 82A 1058 എന്നീ നാല് വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും ₹26,923/- (ചെക്ക് നം. 68954/18.01.24) ചെലവഴിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 10.01.24 ലെ നം.02/2024/Fin സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പോളിസിത കേരളാ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് പുതുക്കേണ്ടത്. എന്നാൽ നിലവിൽ സുന്ദരം ഫിനാൻസ് എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് പോളിസി എടുത്തിട്ടുള്ളതെന്ന് കാണുന്നു.

വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 പിഴകുറവായി ഈടാക്കിയിരിക്കുന്നു

കരാറുകാരൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ Kerala Public Work Manual 2012 (G.O.(P) No 13/2012/PWD, Dt 01-02-2012) സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges (പി.എ.സി. തുകയുടെ 0.1% തുക വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കാക്കി) ഇനത്തിൽ തുക അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക നല്കുവാൻ പാടുള്ളൂ.
താഴെകൊടുത്തിട്ടുള്ള പ്രവൃത്തിയിൽ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ച നല്കിയിട്ടുണ്ടെങ്കിലും പൂർത്തീകരണ കാലാവധി കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. അവസാന ബിൽ നല്കിയപ്പോൾ ചട്ട പ്രകാരമുള്ള പിഴകുറവായിട്ടാണ് ഈടാക്കിയിരിക്കുന്നത്. വിശദവിവരം താഴെക്കൊടുക്കുന്നു.

പ്രോജക്ട് നമ്പർ	172/24(Spill Over 275/23)
പ്രോജക്ടിന്റെ പേര്	ചുണ്ട മണ്ണം കടയ്ക്കൽ റോഡ് കോൺക്രീറ്റ്

അടങ്കൽ തുക	100000/-രൂപ (വികസന ഫണ്ട്)
കരാറുകാരൻ	ശ്രീമതി. ശാന്തി.ആർ
എഗ്രിമെന്റ് നം/ തീയതി	63/AE/LSGD/ITVA/2022-23dtd.22/3/23
ബിൽ നം./ വൗച്ചർ / തീയതി, തുക	92439/- (23040652007101494441/24-3-24)
എം. ബുക്ക് നമ്പർ	10668/2023
പ്രവൃത്തി നടന്ന കാലയളവ്	26/3/23-13/3/24
പി.എ.സി.	84636/-രൂപ.

പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 26/3/2023-ലാണ്. ടി തീയതി പ്രവൃത്തി ആരംഭിച്ച തീയതിയായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 4 മാസമാണ്. അതായത്, പ്രവൃത്തി 23.7.2023-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 13.3.2024-ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 24.7.23 To 13.3.24= 234ദിവസം.
പിഴ = PACx.1% = 84636x.1%X234/7=2829

ഈടാക്കിയ പിഴ=983/-

ഈടാക്കാൻ ബാക്കി=2829-983=1846/-

ഇതു സംബന്ധിച്ച് നൽകീയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭിച്ചില്ല.ഈടാക്കാൻ ബാക്കിയുള്ള 1846/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം- 8/19/12/24

1-20 ഇൻഷ്വറൻസ് കവറേജ് എടുക്കുന്നതിലെ അപാകതകൾ

ഇൻഷ്വറൻസ് കവറേജ് എടുക്കുന്നതിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു

പ്രവൃത്തികൾ ചെയ്യുന്ന കരാറുകാർ പ്രവൃത്തി ആരംഭിച്ചു 15 ദിവസങ്ങൾക്കുള്ളിൽ 200000/- രൂപയുടെ ഇൻഷ്വറൻസ് കവറേജ് എടുക്കണമെന്നും അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഈടാക്കാനും Letter Of Acceptance ൽ നിഷ്കർഷിച്ചിട്ടുണ്ട്.. ചില പ്രവൃത്തികളിൽ ഇൻഷ്വറൻസ് പോളിസി എടുത്തിരിക്കുന്നത് പ്രവൃത്തികൾ തീരാറായപ്പോഴും, അതിനുശേഷവുമാണ് കൂടാതെ ഇൻഷ്വറൻസ് കവറേജ് പ്രവൃത്തികളുടെ പൂർണ്ണമായ കാലയളവ് കവർ ചെയ്യുന്നുമില്ല. വിശദാംശം ചുവടെ ചേർക്കുന്നു..

പേര്/നം.	ബിൽനം./ തുക	കരാർകാരന്റെ പേര്/ പി.എ.സി	പ്രവൃത്തി കാലയളവ്	ഇൻഷ്വറൻസ് കാലയളവ്	0.2% പിഴ ഈടാക്കേണ്ടിയിരുന്നത്
ചാരിപറമ്പ് മുട്ടാടി ചുണ്ട റോഡ് റീടാറിംഗ് 28/24	23040652007101535415/ 25-3-24 463544/-	കെ.ശാന്തി 823361/-	14/9/23-2/4/24	20/3/24-19/9/24	1647/-
ചുണ്ട മണ്ണം കടയ്ക്കൽ റോഡ് കോൺക്രീറ്റ് 172/24	23040652007101494441/ 24-3-24 92439/-	കെ.ശാന്തി 84636/-	26/3/23-13/3/24	20/3/24-19/9/24	169/-
					1816/- രൂപ

മരാമത്ത് പ്രവൃത്തികളിൽ ഇൻഷ്വറൻസ് പോളിസി എടുക്കാതെ ഫൈൻ ഈടാക്കി വരുന്ന പ്രവണതയാണുള്ളത്.ഇത്തരത്തിൽ ഇൻഷ്വറൻസ് എടുക്കാതെ പിഴ മാത്രം ഈടാക്കുന്നത് കൊണ്ട് ഉദ്ദേശലക്ഷ്യം കൈവരിക്കുന്നില്ല.പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 1816/- രൂപ ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.
ഇതു സംബന്ധിച്ച് നൽകീയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭിച്ചില്ല.കരാറുകാർ ഇൻഷ്വറൻസ് കവറേജ്

സമയബന്ധിതമായി എടുക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി- 5/19-12-24

1-21 ലൈഫ് ഭവനപദ്ധതി - വീട് പണി ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ കരാർ വച്ച് ഭവന നിർമ്മാണത്തിനുള്ള മുൻകൂർ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്, പ്രോജക്ട് നമ്പർ	ഗുണഭോക്താവ്	കൈപ്പറ്റിയ തുക (₹)	ബിൽ നമ്പർ
113/24,ലൈഫ് സമ്പൂർണ ഭവന പദ്ധതി എസ്.സി	ഭാർഗവി ,കരിക്കത്തിൽ നെടുപുറം,വാർഡ്-5	40,000	325/12-1-24

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ ഗുണഭോക്താവിനെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിച്ച് വിവരം അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി.
നിർമ്മാണം പൂർത്തീകരിപ്പിക്കുകയോ അല്ലാത്തപക്ഷം നൽകിയിട്ടുള്ള മുൻകൂർ തുക നിയമപ്രകാരമുള്ള നടപടികളിലൂടെ തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -6/19-12-24

1-22 ഭവന പുനരുദ്ധാരണം - പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം ഭവന പുനരുദ്ധാരണത്തിനുള്ള ആനുകൂല്യം മുൻകൂർ ആയി കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് , പ്രോജക്ട് നമ്പർ	ഗുണഭോക്താവ്	അഡ്വാൻസായി കൈപ്പറ്റിയ തുക (രൂപ)	ബിൽ നം.
115/24,ഭവന പുനരുദ്ധാരണം എസ്.സി (ഒരു ഗുണഭോക്താവിന് ആകെ നൽകുന്ന തുക-10,00,00)	സുപ്രിയ ചരുവിള വീട് വെളുന്തറ വാർഡ്-9 ശകുന്തള ,റോഡ് വിള പുത്തൻവീട് വയ്യാനം വാർഡ്-17	50,000 50,000	UTR NO.RBI 0792448882972/14-12-23 UTR NO.RBI 0792448882972/14-12-23
140/24,ഭവന പുനരുദ്ധാരണം ജനറൽ (ഒരു ഗുണഭോക്താവിന് ആകെ നൽകുന്ന തുക-50,000)	സീതാദേവി,മണികണ്ഠ വിനാസം.എഴിയം വാർഡ്-20 .ഷാനവാസ്,പച്ചയിൽ വീട് ചുണ്ട വാർഡ്-16	25000/- 25000/-	253/6-12-23 253/6-12-23

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് തുക കൈമാറി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇവർക്ക് മുൻകൂറായി നൽകിയിട്ടുള്ള തുക നിയമാനുസൃത നടപടികളിലൂടെ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 7/19-12-24

1-23 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി:

2023-24 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 991.819/ ലക്ഷം രൂപ വകയിരുത്തി 191936 തൊഴിൽദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻപ്ലാൻ അംഗീകരിച്ചിരുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 230856 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് കാണുന്നു.(ലക്ഷ്യം വച്ചതിന്റെ 120.28%) 7,75,460,95/ രൂപ ചെലവഴിച്ചിട്ടുണ്ട്.

നം	പ്രവൃത്തി ഇനം	ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം	നടപ്പിലാക്കാൻ കഴിഞ്ഞ എണ്ണം	നടപ്പിലാക്കിയതിന്റെ % കണക്ക്
1	മരംവച്ചുപിടിപ്പിക്കലും സംരക്ഷണവും	21	6	28.57
2	മണ്ണ്ജലസംരക്ഷണ പ്രവൃത്തികൾ	212	262	123.58
3	പാരമ്പര്യ ജലസ്രോതസുകളുടെ നവീകരണം (കുളം)	10	5	50
4	തോടുകളുടെ സംരക്ഷണം	27	11	40.74
5	**വ്യക്തിഗതആസ്തികൾ** ഭവനനിർമ്മാണ പ്രവൃത്തികൾ, കന്നുകാലിതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, കിണർ നിർമ്മാണം, അസോളാടാങ്ക്, കമ്പോസ്റ്റ്പിറ്റ്, കുളം നിർമ്മാണം, സോക്ക്പിറ്റ്.	278	170	61.15
6	റോഡ് കോൺക്രീറ്റ്	23	11	47.83

1-24 ഹരിതകർമ്മ സേനയുടെ ഉപയോഗത്തിനായി വാങ്ങിയ വാഹനം ഉപയോഗപ്രദമല്ല.

2022-2023 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ (പ്രോജക്ട് നം. 251/23) എന്ന പ്രോജക്ട് പ്രകാരം പഞ്ചായത്ത് കമ്മറ്റിയുടെ 30-9-2022 ലെ 1(13) തീരുമാനം അനുസരിച്ച് 4 ഇലക്ട്രിക്ക് വാഹനങ്ങൾ Gem പോർട്ടൽ മുഖേന Floret Technologies എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നു. നിലവിൽ വാഹനം ഹരിതകർമ്മസേന ഉപയോഗിയ്ക്കുന്നുണ്ടോ എന്ന വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് താഴെ പറയുന്ന മറുപടി ലഭ്യമാക്കി.

വാഹനങ്ങൾ ഉപയോഗിക്കാൻ ആരംഭിച്ചപ്പോൾ മുതൽ ചെറിയ കയറ്റങ്ങൾ കയറാനുള്ള ക്ഷമത വാഹനത്തിന് ഇല്ല എന്നും, ചെറിയ ചെരിവിൽ പോലും ഈ വാഹനങ്ങൾ മറിഞ്ഞു പോകുന്ന സ്ഥിതി ഉണ്ടാകുന്നതായും ബോധ്യപ്പെട്ടിരുന്നു. പരിശീലനം ലഭിച്ച ഹരിത കർമ്മ സേനാംഗങ്ങൾ ആയിരുന്നു വാഹനങ്ങൾ ഓടിച്ചിരുന്നതെങ്കിലും, അപകടങ്ങൾ ഉണ്ടായതിനെ തുടർന്ന് വാഹനങ്ങൾ നിരപ്പില്ലാത്ത റോഡുകളിൽ ഉപയോഗിക്കുന്നത് ഒഴിവാക്കിയിരുന്നു. വാഹനങ്ങളുടെ പ്രവർത്തനക്ഷമത കുറവ് ബോധ്യപ്പെട്ടതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യുകയും Floret Technologies ഈ വാഹനങ്ങൾ തിരികെയെടുത്ത് ഉപയോഗപ്രദമാക്കി തരികയോ കാര്യക്ഷമതയുള്ള വാഹനങ്ങൾ പകരം നൽകുകയോ ചെയ്യണമെന്നും അല്ലാത്തപക്ഷം സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും 27 -9 -23 തീയതിയിലെ 3 (1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം അറിയിക്കുകയും ചെയ്തിരുന്നു. ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ബഹു പ്രിൻസിപ്പൽ ഡയറക്ടർ എൽ.എസ്.ജി.ഡി ,ജോയിന്റ് ഡയറക്ടർ എൽ.എസ്.ജി.ഡി കൊല്ലം എന്നിവർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണ്. ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾക്ക് പ്രതിബന്ധമായി നിൽക്കുന്ന വാഹന പ്രശ്നത്തിന് അടിയന്തിരമായി പരിഹാരം

കാണേണ്ടതും Floret Technologies എന്ന സ്ഥാപനത്തിനെതിരെ തുടർ നടപടികൾ സ്വീകരിച്ച് അപാകത പരിഹരിച്ച വാഹനം ലഭ്യമാക്കേണ്ടതുമാണ്.നടപടി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി.നം-11/19-12-2024

1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്കായി അനുവദിച്ച തുകയുടെ ഡീറ്റയില്ഡ് എസ്റ്റിമേറ്റ്, വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട്നം, പേര്	ഫണ്ട് ഇനം , തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ	ചെലവ് തുക ₹ , ചെക്ക് നം.
194/24 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	തനത് ഫണ്ട് കെഎസ് ഇബി കടയ്ക്കൽ	21,714/- 614481/27.12.23
	തനത് ഫണ്ട് കെഎസ് ഇബി ആയൂർ	14,107/- 614481/27.12.23
	തനത് ഫണ്ട് കെഎസ് ഇബി ചടയമംഗലം	7,602/- 689584/16.02.24
ആകെ ചെലവ് തുക		₹43,423/-

ആകെ₹43,423/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ടുകളുടെ പൂർത്തീകരണവിവരം, ചെലവ്തുകയുടെ വിനിയോഗ സാക്ഷ്യപത്രംഎന്നിവ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 14/20.12.24
തടസ്സപ്പെടുത്തിയ തുക-43,423/- രൂപ

1-26 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കെ എസ് ഇബി , കേരള ജല അതോറിറ്റി, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾക്കനുസൃതമായ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല. ക്രമീകരിച്ചിട്ടില്ലാത്ത തുകകളുടെ വിവരം ഹെഡ് വൈസായി താഴെ ചേർക്കുന്നു.

ക്രമനം.	ധനകാര്യ പത്രികയിലെ ഹെഡ്കോഡ്	തുക സ്വീകരിച്ച സ്ഥാപനം	01.04.24 വരെ അഡ്ജസ്റ്റ് ചെയ്യാനുള്ള തുക ₹
1	460500201	കേരള വാട്ടർ അതോറിറ്റി	4,43,596
2	460500202	കേരള ഇലക്ട്രിസിറ്റി ബോർഡ്	2,64,928
3	460500204	ഭൂജല വകുപ്പ്	16,31,015
4	460500399	മറ്റ് അംഗീകൃത സ്ഥാപനങ്ങൾ	32,640

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം. 13/23-24 19.12.24) മറുപടിയിൽ തുകകൾ ക്രമീകരിച്ചിട്ടില്ലാത്തതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

ഏതൊക്കെ പ്രവൃത്തികൾ /പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് തുകകൾ നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. ഓരോ പ്രവൃത്തിയ്ക്കും തുക നല്കിയ വൗച്ചർ/ ബിൽ നം./ചെക്ക് നം.,തീയതി, സ്ഥാപനം, പ്രോജക്ട് നം.,ഫണ്ട് ഇനം, എസ്റ്റിമേറ്റ് തുക , കരാർ, പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ വിശദാംശങ്ങൾ , വിനിയോഗ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കേണ്ടതാണ്. പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതും ദീർഘകാലമായി തുകകൾ നിഷ്ക്രിയ ആസ്തിയായി മേൽ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ്. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ തുകകൾ തിരികെ ഈടാക്കുന്നതിനും ബന്ധപ്പെട്ട ഹെഡുകളിലേക്ക് തിരികെ ഒടുക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-27 വിനിയോഗിക്കാതെ ശേഷിക്കുന്ന സർക്കാർ ഗ്രാന്റുകൾ തിരികെ ഒടുക്കിയിട്ടില്ല

കേരള വാട്ടർ അതോറിറ്റിയിൽ വിവിധ പ്രോജക്ടുകൾക്കായി മുൻ വർഷങ്ങളിൽ നിക്ഷേപിച്ചിരുന്നതിൽ വിനിയോഗശേഷം ബാക്കിയുണ്ടായിരുന്ന ₹9,30,879/- 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് തിരികെ

നല്കിയിട്ടുള്ളതും വാർഷിക ധനകാര്യ പത്രികയിലെ ബി-9 ഷെഡ്യൂൾ 3504000999 ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടുള്ളതുമാണ്.

തിരികെ ലഭിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.13/23-24 19.12.24) മറുപടിയിൽ ആകെ ലഭിച്ച ₹9,30,879/-ൽ വികസന ഫണ്ട് (എസ് സി പി) ₹8,27,420/-, ജില്ലാ പഞ്ചായത്ത് ഫണ്ട്₹636/-, സി എഫ് സി ഗ്രാന്റ് ₹93,221, തനത് ഫണ്ട് ₹9,602/- എന്നിങ്ങനെയാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25.07.22 ലെ 1785/2022/Lsgd ഉത്തരവിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുകകൾ ജലജീവൻ പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിന് അനുവാദം നല്കിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ച തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 20.02.23 ലെ ഉത്തരവ് (പി) നം.16/2023/ഫിൻ പ്രകാരം സംസ്ഥാന ബജറ്റ് വിഹിതത്തിൽ നിന്നും 31.03.22 ന് മുൻപ് അനുവദിച്ചതും വിനിയോഗിച്ചിട്ടില്ലാത്തതുമായ തുകകൾ ബന്ധപ്പെട്ട ശീർഷകത്തിലേക്ക് തിരികെ ഒടുക്കണമെന്നും അല്ലാത്തപക്ഷം തുക സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് ഹോൾഡറുടെ ബാധ്യതയായി ആയത് നിജപ്പെടുത്തുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാർ ഹെഡിൽ നിന്നും ലഭിച്ചിട്ടുള്ളതും നാളിതുവരെ വിനിയോഗിച്ചിട്ടില്ലാത്തതുമായ തുകകൾ അടിയന്തിരമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരികെ ഒടുക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-28 ഗുണഭോക്തൃവിഹിതമിനത്തിൽ സ്വീകരിച്ച തുക വിനിയോഗിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ സാമ്പത്തിക വർഷാവസാനം ₹17,77,898/- ബാധ്യത ഉണ്ട്. ഈ തുകയിൽ 2024-25 സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രോജക്ടിനായി ചെലവഴിക്കാനുള്ള തുക കഴിച്ച് അവശേഷിക്കുന്ന തുകയുടെ (2022-23 സാമ്പത്തിക വർഷത്തിന് മുൻപ് ലഭിച്ച തുക) വിശദാംശങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.

ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത് വിനിയോഗിച്ചിട്ടില്ലാത്ത തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം	തുക ₹
ജലജീവൻ മിഷൻ	7,47,600 /-
കൃഷി ഓഫീസറുടെ പ്രോജക്ടുകൾ	17,491/-
വെറ്ററിനറി സർജന്റെ പ്രോജക്ടുകൾ	27,500/-
വെറ്ററിനറി സർജന്റെ പ്രോജക്ടുകൾ- മുൻവർഷ ചെലവ് ക്രമീകരിക്കേണ്ട തുക	3,21,000/-

ഓരോ വ്യക്തിയിൽ നിന്നും ഓരോ വർഷത്തേയും പ്രോജക്ട് അടിസ്ഥാനത്തിൽ ഈടാക്കിയിട്ടുള്ള ഗുണഭോക്തൃവിഹിതം തുകയുടെ കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ ഇനത്തിൽ ലഭിച്ചിട്ടുള്ള തുകയിൽ ചെലവഴിച്ചിട്ടുള്ള തുക യഥാസമയം ക്രമീകരിച്ചിട്ടില്ലാത്തതിനാൽ ബാധ്യതയായി കാണിച്ചിട്ടുള്ളതായും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ തുകയുടേയും വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്തൃവിഹിതം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത ശേഷം ഗുണഭോക്താക്കൾക്ക് സേവനം അനുവദിച്ചിട്ടില്ലാത്തതിനുള്ള കാരണം ലഭ്യമാക്കേണ്ടതും സേവനം ലഭ്യമായിട്ടില്ലാത്തവർക്ക് അർഹമായ തുക തിരികെ നല്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-29 ഹരിതകർമ്മസേന-അവലോകനം

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അജൈവ പാഴ്വസ്തു ശേഖരണത്തിനുമായി 21 വാർഡുകളിലായി 42 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ മാസവും കൃത്യമായി കലണ്ടർ പ്രകാരമുള്ള അജൈവ മാലിന്യ സംഭരണവും തരം തിരിക്കലും കൈമാറ്റവും നടക്കുന്നുണ്ട്. പുനരുപയോഗ സാധ്യമായ മാലിന്യങ്ങളും ലെഗസി മാലിന്യങ്ങളും അതാത് മാസം ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. ഹരിതകർമ്മസേന അംഗങ്ങൾക്ക് യൂണിഫോം, ഗ്ലൗസ് തുടങ്ങി എല്ലാ സുരക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. ഇതുകൂടാതെ വെയിംഗ് മെഷീൻ ലാഡർ എന്നിവ നൽകിയിട്ടുണ്ട്. എല്ലാ വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്. 21 വാർഡുകളിലായി 34 മിനി എം.സി.എഫുകളാണ് നിലവിൽ ഉള്ളത്. വയ്യാനം മാർക്കറ്റിലും, കാട്ടാമ്പള്ളി മാർക്കറ്റിലുമായി നിലവിൽ രണ്ട് എം.സി എഫുകൾ പ്രവർത്തിക്കുന്നു. ബെയിലിംഗ് മെഷീൻ (2 എണ്ണം), വെയിംഗ് മെഷീൻ തുടങ്ങിയവ എം.സി എഫുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് വാർഡുകളിൽ ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്. 9471 വീടുകളിൽ നിന്നും 359 സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് വരുന്നു. മുൻകൂട്ടി തയ്യാറാക്കിയ കലണ്ടറിന്റെയും ട്രാൻപോർട്ടേഷൻ പ്ലാന്റിന്റെയും അടിസ്ഥാനത്തിൽ മാലിന്യശേഖരണം നടത്തുന്നു. ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ച് സേവനങ്ങൾ യൂസർഫീ എന്നിവ ഡിജിറ്റലായി രേഖപ്പെടുത്തുന്നു.

മാലിന്യ പരിപാലനം

ട്രാൻസ്പോർട്ടേഷൻ പ്ലാൻ അനുസരിച്ച് വാതിൽപടി ശേഖരണം കഴിഞ്ഞതിന് ശേഷം നിശ്ചിത ഇടവേളകളിൽ വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന മിനി എം.സി.എഫിൽ നിന്നും എം.സി.എഫുകളിലേക്ക് എത്തിച്ച് വേർതിരിക്കുന്നു. തരംതിരിച്ച മാലിന്യങ്ങളും ലെഗസി മാലിന്യങ്ങളും കരാറിൽ ഏർപ്പെട്ടിരിക്കുന്ന ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. തരം തിരിക്കുന്ന മാലിന്യങ്ങളിൽ നിന്ന് പുനരുപയോഗസാധ്യതയുള്ള പാഴ് വസ്തുക്കളുടെ വിൽപ്പനയിലൂടെ മെച്ചപ്പെട്ട വരുമാനം ഹരിതകർമ്മസേനയ്ക്ക് ലഭിക്കുന്നു.പ്രതിമാസം ശരാശരി 10000/-രൂപ വരുമാനം ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയ്ക്ക് ലഭിക്കുന്നുണ്ട്.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

ഹരിതകർമ്മസേനയുമായി സഹകരിക്കാത്തവർക്ക് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ വീടുകളിലും സ്ഥാപനങ്ങളിലും എത്തി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പഞ്ചായത്തുതല വിജിലൻസ് സ്ക്വാഡും ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡും പരിശോധന നടത്തി മാലിന്യ പരിപാലനം സംബന്ധിച്ച് കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് മേൽ പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്.

പാരിസ്ഥിതിക ആഘാതം-കൈക്കൊണ്ട നടപടികൾ

പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതിനെതിരെയും പൊതു നിരത്തിലും ജലാശയങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയുന്നതിനെതിരെയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ടുമുള്ള ലഘുലേഖകൾ ഹരിതകർമ്മ സേന പ്രവർത്തകർ, ആശാ വർക്കർമാർ എന്നിവർ മുഖേന വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുകയും ചെയ്തു. വിവിധ സ്ക്വാഡുകളുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തി, പ്ലാസ്റ്റിക് മാലിന്യം കത്തിച്ചവരിൽ നിന്നും ,ശരിയായി മാലിന്യസംസ്കരണ സംവിധാനം ഒരുക്കാത്തവരിൽ നിന്നും നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ സൂക്ഷിച്ചവരിൽ നിന്നും മാലിന്യം ജലാശയത്തിലൊഴിക്കിയവരിൽ നിന്നും ആകെ പിഴയിനത്തിൽ 20000/- രൂപ ഈടാക്കിയിട്ടുണ്ട്. പൊതുനിരത്തിൽ മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും തടയുന്നതിനുവേണ്ടി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വരവ്-ചെലവ് (01.04.2023 – 31.03.2024)

യൂസർ ഫീ -4913350/-

കരാർ കമ്പനിയിൽ നിന്നും ലഭിച്ച തുക -546281/-

ആകെ വരവ് - 5459631/-

വേതനം ഇനത്തിൽ 4968296/- രൂപ 2023-2024 സാമ്പത്തിക വർഷത്തിൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി

വീടുകളിലും സ്ഥാപനങ്ങളിലും 100% കവറേജ് സാധ്യമായിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും നൽകുന്ന എല്ലാ സേവനങ്ങൾക്കും യൂസർ ഫീ രസീത് നിർബന്ധമാക്കിയിട്ടുണ്ട്.

പ്രധാന നിർദ്ദേശങ്ങൾ

. പൊതു ജനങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന/ ജില്ലാ തലങ്ങളിൽ പത്ര- ദൃശ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

. പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.

. ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ എന്ന നേട്ടം കൈവരിക്കുന്നതിന് പഞ്ചായത്ത് ഭരണസംവിധാനങ്ങളോടൊപ്പം ബഹുജനങ്ങളിലൂടെ ക്രിയാത്മകമായ മോണിറ്റിംഗും തുടർച്ചയായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി-1/17-12-24

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	17.12.24,18.12.24	കെ.എസ്.എ.കെ.എൽ.എം.പി12/2274/24 തീയതി 23.12.24

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രൊജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2023-24	6,00,000/-	ലൈഫ് ഭവന നിർമാണം (പ്രോജക്ട് നം.200/23)	6,00,000/-	-
		2,50,000/-	അനുപൂരക പോഷകാഹാരം (പ്രോജക്ട് നം.55/23)	2,50,000/-	-
		3,75,000/-	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം.56/23)	3,75,000/-	-
		2,46,661/-	വയോജനങ്ങളുടെ പകൽവീട് (പ്രോജക്ട് നം.59/23)	2,46,661/-	-
		3,89,827/-	വയ്യാനം സ്റ്റേഡിയം നവീകരണം (പ്രോജക്ട് നം.155/23)	3,89,827/-	
		2,62,716/-	പാലിന് സബ്സിഡി (പ്രോജക്ട് നം.63/23)	2,62,716/-	
		3,24,380/-	ബഡ്സ് സ്കൂൾ (പ്രോജക്ട് നം.61/23)	3,24,380/-	
ജില്ലാ പഞ്ചായത്ത്	2023-24	3,00,000/-	ലൈഫ് ഭവന നിർമാണം എസ് സി പി (പ്രോജക്ട് നം.113/23)	3,00,000/-	-
		5,60,000/-	ലൈഫ് ഭവന നിർമാണം (പ്രോജക്ട് നം.141/23)	5,60,000/-	-
		52,100/-	അനുപൂരക പോഷകാഹാരം (പ്രോജക്ട് നം.55/23)	52,100/-	
		2,25,000/-	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം.56/23)	2,25,000/-	
		14,961/-	പാലിന് സബ്സിഡി എസ്.സി.പി (പ്രോജക്ട് നം.114/23)	14,961/-	-
		4,73,037/-	പാലിന് സബ്സിഡി (പ്രോജക്ട് നം.63/23)	4,73,037/-	-

4-3 നിക്ഷേപപ്രവൃത്തിക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കേരള സം സ്ഥാന വൈദ്യുത ബോർഡ്	194/24 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	- 614481/27.12.23 614481/27.12.23 689584/16.02.24	21,714/ 14,107/- 7,602/	-	43,423/-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 22880000 /-രൂപ വരവുണ്ട്. മുൻ ബാക്കി 960000/- രൂപ ഉൾപ്പടെ 23840000 /- രൂപയിൽ 19510000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/	ഉത്തരവ്	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ	തൻവർഷം തിരിച്ചടച്ച	വർഷാവസാനം തിരിച്ചടയ്ക്കാൻ

ഉദ്ദേശ്യം	നമ്പർ/ തിയ്യതി		ബാക്കിയുണ്ടായിരുന്ന തുക (₹)	തുക(₹)		ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	-	22880000/-	36890494/-	5285881/-		54484613/-

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1998-99	-	2000-01	-	ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരുടെ ഭവനങ്ങൾക്ക് ഇലക്ട്രിക്ക് വയറിങ്-കരാറുകാരന് നൽകിയ മുൻകൂർ നിരാകരിക്കുന്ന തുക-25,000/- രൂപ	തുടർനടപടികൾ തുടർന്നു വരുന്നു.
2000-01 2001-02	2-10	2007-08	3-9-1	മണൽലേലം – വ്യവസ്ഥകൾ പാലിച്ചിട്ടില്ല.	തുടർനടപടികൾ തുടർന്നു വരുന്നു.
	-	2012-13	-	ലഘു അവലോകനം-ഫ്രണ്ട് ഓഫീസ് സംവിധാനം	തുടർനടപടികൾ തുടർന്നു വരുന്നു.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-17	3,50,000/-	ശ്രീമതി ലീനാകുമാരി കെ.ജി,സെക്രട്ടറി
1-25	43423/-	ശ്രീമതി ലീനാകുമാരി കെ.ജി,സെക്രട്ടറി
	3,93,423/-	

ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി ലീനാകുമാരി കെ.ജി,സെക്രട്ടറി	സെക്രട്ടറി,ഇട്ടിവ ഗ്രാമപഞ്ചായത്ത്	പ്ലാവിള പുത്തൻ വീട്,എഴിയം പി.ഒ,അഞ്ചൽ,691306 ഫോൺ നം.9496041833

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	കെ.എസ്.എ/കെ.എൽ.എം-പി-3 427 (1)/18/22-03-2018	2
1998-99	കെ.എസ്.എ/കെ.എൽ.എം-പി-3 427/(2)/02-03-2018	7
1999-00 2000-01 2001-02	കെ.എസ്.എ/കെ.എൽ.എം-പി-3 427/(3)/18/22-03-2018	49
2002-03	കെ.എസ്.എ/കെ.എൽ.എം-പി-3 427/(4)/18/22-03-2018	5
2003-04	കെ.എസ്.എ/കെ.എൽ.എം-പി-3 427/(5)/18/23-03-2018	24
2004-05	കെ.എസ്.എ/കെ.എൽ.എം-പി-3 427/(6)/18/23-03-2018	30
2005-06	കെ.എസ്.എ/കെ.എൽ.എം-പി-3 427/(7)/18/23-03-2018	24
2006-07	കെ.എസ്.എ/കെ.എൽ.എം-പി-3 791/19/10-06-2019	20
2007-08	എൽ.എഫ്.ക്യുപി-4/662/2010/28-12-2011	22
2008-09	എൽ.എഫ്.ക്യുപി-4/1405/2012/22-12-2012	24
2009-10 & 2010-11	എൽ.എഫ്.ക്യുപി-4/1358/2012/13-08-13	17
2011-12	കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 2011-12/133/22/ 23-08-2022	5
2012-13 & 2013-14	കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 2012-13&2013-14/ 133/22/23-08-2022	7
2014-15	കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 20114-15/133/22/ 23-08-2022	14
2015-16	കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 2015-16/133/22/ 23-08-2022	9
2016-17	കെ.എസ്.എ/കെ.എൽ.എം-പി-5/1121/2017/31-01-2018	13
2017-18	കെ.എസ്.എ/കെ.എൽ.എം-പി-3/300/2019/25-09-2019	19
2018-19	കെ.എസ്.എ/കെ.എൽ.എം-പി-3 -1313/19/3-6-2020	4
2019-20	കെ.എസ്.എ/കെ.എൽ.എം-പി-3 /1140/21 / 10-03-2022	എല്ലാ ഖണ്ഡികകളും
2020-21	കെ.എസ്.എ/കെ.എൽ.എം-പി-3 /1553/21 / 10-03-2022	എല്ലാ ഖണ്ഡികകളും
2021-22	കെ.എസ്.എ/കെ.എൽ.എം-പി-3 /37/23/ 29-03-2023	എല്ലാ ഖണ്ഡികകളും
2022-23	കെ.എസ്.എ/കെ.എൽ.എം-പി-3 /1957/23/ 05-12-2023	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 12-06-2024 and submitted on 14-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Ittiva Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Ittiva Grama Panchayat as on 31-03-2024

Date: 23/12/2024 Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Ittiva Grama Panchayat for the Year 2023-2024.

1.Major Observations

Nil

2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit

Ratios, Notes on account

2) Cashflow statement- Net increase / in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) The expenditure shown in sulekha statement , Appropriation Control Register in respect of Development fund (Gl) and maintenance grant (R) did not match.

4) The documents supporting the accuracy of book adjustments shown in Sanchaya software in respect of Property tax were not produced for verification.

Lapses in making timely and accurate demand entries in respect of tax and non tax revenue

5) Lack of authenticated journal vouchers for supporting various adjustment entries .

6) Monthly reconciliation of ledger balances not prepared

7) The Asset Register and Stock register were not value based . So the accuracy of the values shown in the balance sheet and that of depreciation could not be verified.

8) Misclassification of receipt vouchers

9) Cheque deposited not credited further action not taken.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 3

അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്